പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും,
പത്തനംതിട്ട ജില്ലാ മജിസ്ട്രേറ്റും കൂടിയായ പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമം.
(ഹാജർ : ഡോ. ദിവ്യ എസ് അയ്യർ ഐ .എ.എസ്)

==========================================================================

ഉത്തരവ് നമ്പർ - ഡി.സി.പി.റ്റി.എ/1455 /2021 -ഡി.എം1 തീയതി : 19.10.2021.

==========================================================================

വിഷയം :- **ജില്ലാ ദുരന്തനിവാരണ അതോറിറ്റി, പത്തനംതിട്ട - ജില്ലയിലെ അതിതീവ്രമഴയുടെയും പ്രളയത്തിന്റെയും പശ്ചാത്തലത്തിൽ ജില്ലയിൽ ആരംഭിച്ചിട്ടുള്ള ക്യാമ്പുകളുടെ ഫലപ്രദമായ നടത്തിപ്പിനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം :- 1) കേന്ദ്ര കാലാവസ്ഥാ വകുപ്പും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും പുറപ്പെടുവിച്ചിട്ടുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ

2) ഓറഞ്ച് ബുക്കിലെ നിർദേശം.

3)

കേന്ദ്ര കാലാവസ്ഥാ വകുപ്പും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും പത്തനംതിട്ട ജില്ലയിൽ 2021 ഒക്ടോബർ 20 തീയതി മുതൽ ശക്തമായ മഴയ്ക്കുള്ള സാദ്ധ്യതാ മുന്നറിയിപ്പ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ അതിശക്തമായ മഴയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ എല്ലാ താലൂക്കുകളെ പ്രളയബാധിതവുമാണ്.

ജില്ലയിലെ 06 താലൂക്കുകളിലായി 139 ക്യാമ്പുകളിലായി 1776 കുടുംബങ്ങളിൽപ്പെട്ട 6038 പേരെ നിലവിൽ മാറ്റി പാർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ വളരെയധികം ആളുകൾ ബന്ധുവീടുകളിലും മറ്റും മാറി താമസിക്കുന്നുണ്ട്. മാത്രമല്ല ജില്ലയിലെ പ്രധാന അണക്കെട്ടുകളായ കക്കി, പമ്പാ അണക്കെട്ടുകൾ ജലക്രമീകരണത്തിന്റെ ഭാഗമായി തുറന്നുവിട്ടിട്ടുള്ളതും, നദീതീരങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിതമായി മാറ്റി പാർപ്പിക്കുന്ന നടപടികൾ തുടർന്നുവരുന്നതുമാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടർന്നുവരുന്നതിനാൽ ക്യാമ്പുകളുടെ എണ്ണത്തിൽ ഇനിയും വർദ്ധനവ് പ്രതീക്ഷിക്കുന്നു.

ഈ സാഹചര്യത്തിൽ ജില്ലയിൽ ആരംഭിച്ചിട്ടുള്ള ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ബന്ധുവീടുകളിലും മറ്റും മാറ്റി പാർപ്പിച്ചിട്ടുള്ള ആളുകളുടെ സുരക്ഷിതത്വവും പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്.

ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയുണ്ടായി. ജില്ലയിൽ ആരംഭിച്ചിട്ടുള്ള ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും മാറി താമസിച്ചവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും മുതിർന്ന ഉദ്യോഗസ്ഥർക്ക് ചുവടെ ചേർക്കും പ്രകാരം ചുമതല നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു.

പൊതുചുമതല - ശ്രീ അലക്സ് പി തോമസ്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് & ഡെപ്യൂട്ടി കളക്ടർ (ജനറൽ), പത്തനംതിട്ട, 9446504515

<u>താലൂക്കുകളുടെ ചുമതല (ചാർജ് ഓഫീസർ)</u>

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര്, പദവി, മൊബൈൽ നമ്പർ | ചുമതല നൽകുന്ന താലൂക്ക് | റിമാർക്ക്സ് |
|---|---|---|---|
| 1 | ശ്രീ തുളസീധരൻ നായർ, റവന്യൂ ഡിവിഷണൽ ആഫീസർ, അടൂർ 9447799827 | അടൂർ | |
| 2 | ശ്രീ പി.ആർ ഷൈൻ, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), പത്തനംതിട്ട 8547610038 | കോഴഞ്ചേരി | |
| 3 | ശ്രീ ആർ രാജലക്ഷ്മി, ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ), പത്തനംതിട്ട 8547610037 | റാന്നി | |
| 4 | ശ്രീ കെ ചന്ദ്രശേഖരൻ നായർ, റവന്യൂ ഡിവിഷണൽ ആഫീസർ, തിരുവല്ല 9447114902 | തിരുവല്ല | |
| 5 | ശ്രീമതി റ്റി.എസ് ജയശ്രീ, ഡെപ്യൂട്ടി കളക്ടർ (എൽ.എ), പത്തനംതിട്ട 8547610035 | മല്ലപ്പള്ളി | |
| 6 | ശ്രീമതി ബി ജ്യോതി, ഡെപ്യൂട്ടി കളക്ടർ (ആർ.ആർ), പത്തനംതിട്ട 8547610036 | കോന്നി | |

പ്രസ്തുത ഉദ്യോഗസ്ഥർ താലൂക്കുകളിൽ ആരംഭിച്ചിട്ടുള്ള ക്യാമ്പുകളുടെ പ്രവർത്തനം 2021 ലെ ഓറഞ്ച് ബുക്കിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഉറപ്പുവരുത്തേണ്ടതാണ്. ക്യാമ്പുകളിലുണ്ടാകുന്ന ഏത് അസൗകര്യങ്ങളും അപ്പോൾ തന്നെ പരിശോധിച്ച് പരിഹരിക്കുന്ന തിനുള്ള നിർദ്ദേശം സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സേവനം തേടേണ്ടതുമാണ്.

ബന്ധപ്പെട്ട ചാർജ്ജ് ആഫീസർമാർ ഇതോടൊപ്പമുള്ള പ്രഫോർമ്മ പ്രകാരമുള്ള റിപ്പോർട്ട് എല്ലാ ദിവസവും രാവിലെ 10.00 മണിക്കും, ഉച്ചയ്ക്ക് 01.00 മണിക്കും, വൈകുന്നേരം 05.00 മണിക്കും പൊതുച്ചുമതലയുള്ള അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് & ഡെപ്യൂട്ടി കളക്ടർ (ജനറൽ), പത്തനംതിട്ടയ്ക്ക് നൽകേണ്ടതും, പ്രസ്തുത റിപ്പാർട്ടുകൾ ക്രോഡീകരിച്ച് എല്ലാ ദിവസവും രാവിലെ 10.30 മണിക്കും, ഉച്ചയ്ക്ക് 01.30 മണിക്കും, വൈകുന്നേരം 05.30 മണിക്കും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് & ഡെപ്യൂട്ടി കളക്ടർ (ജനറൽ), പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാന് സമർപ്പിക്കേണ്ടതുമാണ്. ഇതിലേക്കാവശ്യമായ ഉദ്യോഗസ്ഥരെ ചാർജ്ജ് ആഫീസർമാർ തങ്ങളുടെ യൂണിറ്റുകളിൽ നിന്നും നിയോഗിക്കേണ്ടതും ഉദ്യോഗസ്ഥരുടെ അഭാവമുള്ള പക്ഷം, ആവശ്യമായ ഉദ്യോഗസ്ഥരെ ഹുസൂർ ശിരസ്തദാർ നിയമിച്ചുനൽകേണ്ടതുമാണ്.

ക്യാമ്പുകളുടെ പരിപാലനം ശരിയായ രീതിയിൽ നടക്കുന്നതിന് റവന്യൂ, തദ്ദേശസ്ഥാപനങ്ങൾ, പോലീസ്, ആരോഗ്യം, ഭക്ഷ്യ പൊതുവിതരണം, വനിതാ ശിശുക്ഷേമം, സാമൂഹ്യ നീതി, വൈദ്യുത ബോർഡ്, ജല അതോറിറ്റി, ഗതാഗത വകുപ്പുകൾ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

ക്യാമ്പുകളിലേക്കാവശ്യമായ ഉദ്യോഗസ്ഥരുടെ സേവനം ഇൻസിഡന്റ് കമാൻഡർ കൂടിയായ തഹസിൽദാർമാർ ഉറപ്പുവരുത്തേണ്ടതും, ആവശ്യമെങ്കിൽ തങ്ങളുടെ അധികാര പരിധിയിലെ മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടതുമാണ്. ഇതിലേക്കായി 2005 ലെ ദുരന്തനിവാരണ നിയമത്തിലെ വകുപ്പ് 33 പ്രകാരം നടപടി സ്വീകരിക്കുന്നതിന് ഉത്തരവാ കുന്നു.

ഒരു കാരണവശാലും ക്യാമ്പുകളിലെ ജല, വൈദ്യുത, ആരോഗ്യ സംവിധാനങ്ങളിൽ പോരായ്മ ഉണ്ടാകരുത് എന്ന് എല്ലാ ഉദ്യഗസ്ഥരും ഉറപ്പുവരുത്തേണ്ടതാണ്. താലൂക്കുകളിൽ ആരംഭിക്കുന്ന ക്യാമ്പുകളുടെ വിവരം ഈ വകുപ്പുകളിലെ താലൂക്ക് തല ഉദ്യോഗസ്ഥർ ശേഖരിക്കേണ്ടതും ക്യാമ്പുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തേണ്ടതുമാണ്.

താലൂക്ക് തല ഇൻസിഡൻസ് റെസ്പോൺസ് സിസ്റ്റം (IRS) പ്രവർത്തന ക്ഷമമാണെന്നു ചാർജ് ഓഫീസർമാരും ഇൻസിഡന്റ് കമാണ്ടർ മാരും ഉറപ്പു വരുത്തണം.

ഇക്കാര്യങ്ങൾ 2005 ലെ ദുരന്ത നിവാരണ നിയമത്തിലെ വകുപ്പ് 30(xviii), 34 (h) പ്രകാരം ചാർജ്ജ് ആഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്. നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ ദുരന്ത നിവാരണ നിയമം-2005 ലെ 51 വകുപ്പ് പ്രകാരം കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

വീഴ്ച്ചവരുത്തുന്ന ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ഉടൻ തന്നെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കേണ്ടതും, വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ 2005 ലെ ദുരന്തനിവാരണ നിയമത്തിലെ വകുപ്പ് 56 പ്രകാരം നടപടികൾ സ്വീകരിക്കുന്നതുമാണ്.

ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി,
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ, പത്തനംതിട്ട

പകർപ്പ് :

1. ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗങ്ങൾക്ക്
2. റവന്യൂ ഡിവിഷണൽ ആഫീസർ അടൂർ/ തിരുവല്ല
3. ഡെപ്യൂട്ടി കളക്ടർ, (ജനറൽ/ എൽ.എ/ ആർ.ആർ/ എൽ.ആർ/ ഇലക്ഷൻ)
4. തഹസിൽദാർ, അടൂർ/ തിരുവല്ല/ റാന്നി/ കോന്നി/ കോഴഞ്ചേരി/ മല്ലപ്പള്ളി
5. ജില്ലാ സപ്ലൈ ആഫീസർ, പത്തനംതിട്ട
6. ജില്ലാ സാമൂഹ്യനീതി ആഫീസർ, പത്തനംതിട്ട
7. ഡെപ്യൂട്ടി ചീഫ് എൻജിനീയർ കെ എസ് ഇ ബി ഇലെക്ട്രിക്കൽ ഡിവിഷൻ, പത്തനംതിട്ട
8. സൂപ്രണ്ടിങ് എൻജിനീയർ, ജല അതോറിറ്റി, തിരുവല്ല
9. സൂപ്രണ്ടിങ് എൻജിനീയർ പി എച് ഡിവിഷൻ , ജല അതോറിറ്റി, പത്തനംതിട്ട
10. റീജിയണൽ ട്രാൻസ്പോർട് ഓഫീസർ, പത്തനംതിട്ട
11. ജില്ലാ ആഫീസർ, വനിതാ ശിശുക്ഷേമ വകുപ്പ്, പത്തനംതിട്ട
12. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ,പത്തനംതിട്ട

13. ജില്ലാ ഇൻഫോർമാറ്റിക്സ് ഓഫീസർ, പത്തനംതിട്ട
14. ജില്ലാ കളക്ടറുടെ സി.എ
15. കരുതൽ ഫയൽ/ അധിക പകർപ്പ്/ ആഫീസ് പകർപ്പ് (ഡി.എം1)